**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** | **11-10-2024 - ൽ മറുപടിയ്ക്ക്**

**മുതിർന്ന പൗരന്മാരുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ഒ എസ് അംബിക** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം മുതിർന്ന പൗരന്മാരുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ വന്നതിനു ശേഷം മുതിർന്നപൗരന്മാരുടെ ആരോഗ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | അനാഥരാക്കപ്പെടുന്ന മുതിർന്നപൗരന്മാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനായി 'വയോരക്ഷ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ഇതുവരെ 314 വയോജനങ്ങൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ട്. കൂടാതെ അനാഥരാക്കപ്പെടുന്ന മുതിർന്നപൗരന്മാരെ സംരക്ഷിക്കുന്നതിനായി സർക്കാർ തലത്തിൽ 17 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സ്ഥാപനങ്ങളിലായി ആകെ 1207 താമസക്കാരെ പാർപ്പിക്കുന്നതിന് സൗകര്യം ലഭ്യമാണ്. നിലവിൽ ഈ സ്ഥാപനങ്ങളിലായി 777 താമസക്കാരെ പാർപ്പിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിലെ സേവനങ്ങളെല്ലാം സൗജന്യമായാണ് ലഭ്യമാക്കുന്നത്. സർക്കാർ ഗ്രാന്റോടുകൂടി വിവിധ NGO കളുടെ കീഴിൽ 199 ഓളം സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. ഈ സ്ഥാപനങ്ങളിലായി ആകെ 12,639 താമസക്കാരെ പാർപ്പിക്കുന്നതിന് സൗകര്യമുണ്ട്. നിലവിൽ ആകെ 8470 പേർ അവിടെ താമസിച്ചു വരുന്നു. സർക്കാർ ഗ്രാന്റായി ഒരാൾക്ക് 1,100/- രൂപ എന്ന ക്രമത്തിൽ അനുവദിച്ചു വരുന്നു.ആശുപത്രികളിൽ അനാഥരാക്കപ്പെടുന്ന വയോജനങ്ങളെ വകുപ്പിനു കീഴിലുള്ള വൃദ്ധസദനങ്ങളിലും, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിലും ഏറ്റെടുത്ത് പുനരധിവസിപ്പിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | മുതിർന്ന പൗരന്മാരുടെ അറിവും അനുഭവസമ്പത്തും പുതിയ തലമുറയ്ക്ക് അനുഭവവേദ്യമാക്കുന്നതിനും സാമൂഹിക ജീവിതത്തിൽ അവരെ സജീവമാക്കുന്നതിനും അതുവഴി ഊർജ്ജസ്വലമായ വാർദ്ധക്യ ജീവിതം നയിക്കുന്നതിനും പര്യാപ്തമാക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ? | (സി) | മുതിർന്നപൗരന്മാരുടെ അറിവും അനുഭവസമ്പത്തും പുതിയ തലമുറയ്ക്ക് അനുഭവ വേദ്യമാക്കുന്നതിനടക്കമുള്ള നൂതനപദ്ധതികൾ ആവിഷ്കരിക്കുക എന്ന ലക്ഷ്യം കൂടി മുൻനിർത്തി വയോജനങ്ങളുടെ സമഗ്രമായ വിവരശേഖരണം നടത്തുന്നതിനായി വയോജനസർവേയ്ക്കുള്ള നടപടികൾസ്വീകരിച്ചു വരികയാണ്. സാമൂഹ്യനീതി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് പകൽ വീടുകൾക്ക് സാങ്കേതിക പിന്തുണ നൽകി സായംപ്രഭാ ഹോമാക്കി അപ്ഗ്രേഡ് ചെയ്യുന്ന സായംപ്രഭ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി മുതിർന്ന പൗരന്മാരുടെ കൂട്ടായ്മകൾ/വയോജന ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പുതുതലമുറയ്ക്ക് ഇവരുമായി സംവദിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന സാമൂഹ്യ സുരക്ഷ ആവശ്യമായ 65 വയസ്സ് കഴിഞ്ഞ മുതിർന്നപൗരന്മാർക്ക് മാനസികോല്ലാസവും, ആരോഗ്യപരിരക്ഷയും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട് കൂടി 2011-മുതൽ "വയോമിത്രം" എന്ന പദ്ധതി കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റി കളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും വളരെ വിജയകരമായി നടപ്പാക്കി വരുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ വയോമിത്രം പദ്ധതിയിലൂടെ വാതിൽപ്പടി സേവനവും ഉൾപ്പെടുത്തി ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പ് രോഗികൾ, ഭിന്നശേഷിക്കാർ ആയിട്ടുള്ള മുതിർന്നപൗരന്മാരുടെ വീടുകളിൽ എത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നൽകി വരുന്നു.<br><br>പ്രസ്തുത പദ്ധതിയിലൂടെ മുതിർന്ന പൗരന്മാരുടെ അറിവും അനുഭവസമ്പത്തും പുതിയ തലമുറക്ക് അനുഭവവേദ്യമാക്കുന്നതിന് വയോജന ദിനാചരണത്തിലൂടെയും, വയോജന ചൂഷണ വിരുദ്ധ ദിനാ ചരണത്തിലൂടെയും സാധ്യമാക്കുന്നു. കൂടാതെ സാമൂഹിക ജീവിതത്തിൽ അവരെ സജീവമാക്കുന്നതിനും അതുവഴി ഊർജ്ജ സ്വലമായ വാർദ്ധക്യ ജീവിതം നയിക്കുന്നതിനു പര്യാപ്തമാക്കുന്നതിന് വയോജന ക്ലബ്ബ കളിലൂടെ |

| | | | |
|---|---|---|---|
| | | | വയോജനങ്ങളെ ഉൾപ്പെടുത്തി കൊണ്ടുള്ള വിവിധ പരിപാടികൾ, ആഘോഷങ്ങൾ, വിനോദയാത്രകൾ, യോഗ, മാനസികാരോഗ്യത്തിനായി കൗൺസലിംഗ്, സോഷ്യൽ മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്നപൗരന്മാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1. വയോരക്ഷ പദ്ധതി.

ആരുടേയും തുണയില്ലാതെ ഒറ്റക്ക് ജീവിക്കുന്നതും ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതുമായ മുതിർന്നപൗരന്മാർക്ക് അടിയന്തര വൈദ്യസഹായം നൽകുക, കെയർഗിവറുടെ സേവനം ലഭ്യമാക്കുക, പുനരധിവാസം ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമാക്കിയുള്ള പദ്ധതി 2021 ലാണ് ആരംഭിച്ചത്. ബി.പി.എൽ കുടുംബങ്ങളിലെ മുതിർന്നപൗരന്മാർ, ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന മുതിർന്നപൗരന്മാരെയോ അലഞ്ഞുതിരിഞ്ഞു കാണപ്പെടുന്ന മുതിർന്നപൗരന്മാരെയോ സുരക്ഷിതമായ കേന്ദ്രങ്ങളിൽ എത്തിക്കുക, അതിനു മുൻപായുള്ള മെഡിക്കൽ പരിശോധന, ഭക്ഷണം എന്നിവയ്ക്കും തുക വിനിയോഗിക്കാവുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം തുക വിനിയോഗിക്കുന്നതിനായി ജില്ലാ ഓഫീസർമാർക്ക് 10,000/- രൂപ വീതം മുൻകൂറായി നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നാളിതു വരെ 314 വയോജനങ്ങൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

### 2. ആറാട്ടുപുഴ കിടപ്പുരോഗികൾക്കായുള്ള വൃദ്ധസദനം

ആരോരും സംരക്ഷിക്കാനില്ലാത്ത കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാരിന്റെ കീഴിൽ ആരംഭിച്ച പുതിയ പദ്ധതിയാണ് ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ കിടപ്പുരോഗികൾക്കായുള്ള വൃദ്ധസദനം. സ്ഥാപനത്തിൽ ആകെ 25 താമസക്കാരെ പാർപ്പിക്കുന്നതിന് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഈ സ്ഥാപനത്തിൽ 12 പേരെ പാർപ്പിച്ചിട്ടുണ്ട്.

സംസ്ഥാന ജനസംഖ്യയുടെ 12.6%, 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവരാണ് പ്രായമേറും തോറും വിവിധങ്ങളായ ശാരീരിക ബുദ്ധിമുട്ടുകളും, മാനസിക പ്രയാസങ്ങളും, പ്രശ്നങ്ങളും വന്നുചേരുന്നു. ഇപ്രകാരമുള്ള പ്രയാസങ്ങളിൽ ഏറെ പ്രാധാന്യമുള്ളതും ഗൗരവമായ വ്യക്തിഗത സാമൂഹ്യ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതും ആയ ഒരവസ്ഥയാണ് മേധാക്ഷയം അഥവ ഓർമ്മക്കുറവ്(ഡിമെൻഷ്യ).

ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ "ഡിമെൻഷ്യ സൗഹൃദ കേരളം" എന്ന ഒരു നൂതന പദ്ധതിക്ക് ഈ സർക്കാർ തുടക്കം കുറിക്കുകയുണ്ടായി. ഓർമ്മത്തോണി എന്ന പേര് നൽകിയിരിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ആരോഗ്യ സർവ്വകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സാമൂഹ്യാസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.

പദ്ധതിയുടെ ഭാഗമായി ഇത്തരക്കാരെ പരിചരിക്കുന്നതിനു 2 ഡേ കെയർ സെന്ററുകൾ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകൾ കേന്ദ്രീകരിച്ചു ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യ ഘട്ടമായി വയോമിത്രം പദ്ധതി ഗുണഭോക്താക്കളിലെ ഡിമെൻഷ്യ ബാധിതരെ കണ്ടെത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതും, തുടർന്ന് രണ്ടാം ഘട്ടമായി 65 വയസ്സ് കഴിഞ്ഞ മുഴുവൻ ആൾക്കാരെയും പദ്ധതിയുടെ ഭാഗമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി ആഴ്ചയിൽ ഒരു ദിവസം എന്ന ക്രമത്തിൽ വയോമിത്രം ടീം ഇവരെ കണ്ടെത്താൻ വേണ്ട സ്ക്രീനിംഗ് ക്യാമ്പ് നടത്തുന്നതാണ്. ഇതിന്റെ ഭാഗമായി വയോമിത്രം ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ആശാ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികൾ ഒക്ടോബർ മാസം രണ്ടാം വാരത്തോടെ ആരംഭിക്കുന്നതാണ്.

സർക്കാർ ആശുപത്രികളെ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എൽഡർലി ഫ്രണ്ടലി (Elderly friendly) എന്ന പദ്ധതി എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കി വരുന്നു. ഇതിലൂടെ സർക്കാർ ആരോഗ്യ മേഖലയിലെ ആശുപത്രികളിൽ വയോജന സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യ വികസനം നടപ്പിലാക്കി വരുന്നു. റാമ്പുകൾ, റയിലുകൾ, ആന്റി സ്കിഡ് ടൈലുകൾ, വയോജന സൗഹൃദ ശൗചാലയങ്ങൾ, വയോജന സൗഹൃദ ഫർണിച്ചറുകൾ തുടങ്ങിയ സൗകര്യങ്ങൾ പ്രധാനപ്പെട്ട ആശുപത്രികളിൽ സജ്ജീകരിച്ചു വരുന്നു. ആർദ്രം

സ്റ്റാൻഡേർഡ് സ്റ്റേഷന്റെ ഭാഗമായി പുതുതായി നിർമ്മിക്കപ്പെടുന്ന എല്ലാ ആശുപത്രികളിലും വയോജന സൗഹൃദ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 700 ഓളം വയോജന കേന്ദ്രങ്ങളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ വിദഗ്ധസേവനം ഉറപ്പുവരുത്തുന്ന മെഡിക്കൽ ക്യാമ്പുകൾ എല്ലാവർഷവും നടത്തിവരുന്നുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഫണ്ടുകൾ പ്രയോജനപ്പെടുത്തി എല്ലാ ജില്ലയിലും ഒരു പ്രധാന ആശുപത്രിയിൽ പൂർണ്ണ സജ്ജമായ ജെറിയാട്രിക് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിനായി ഓരോ ജില്ലയ്ക്കും ഒരുകോടി രൂപ വീതം നൽകുകയും പ്രവർത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ആശാ പ്രവർത്തകരിലൂടെ വ്യക്തിഗതരോഗ വിവരങ്ങൾ ശേഖരിച്ചുവരുന്നു. കിടപ്പിലായ രോഗികളുടെയും വീട്ടുകളിൽ ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങളുടെയും കണക്കുകൾ ശേഖരിക്കുകയും അവരുടെ ആരോഗ്യ പ്രശ്നങ്ങൾ ഫീൽഡ് തല ജീവനക്കാർ വഴി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ NPHCE യിലൂടെ എല്ലാ ജില്ലകളിലും ജെറിയാട്രിക് ക്ലിനിക്കുകളും ജെറിയാട്രിക്‌വാർഡുകളും പ്രവർത്തിച്ചുവരുന്നു. സാന്ത്വന പരിചരണ പരിപാടിയിൽ എന്നപോലെ വീടുകളിൽ കഴിയുന്ന വയോജനങ്ങൾക്ക് ആരോഗ്യ സംരക്ഷണം വീടുകളിൽ വച്ച് തന്നെ നല്കുന്നതിലേക്കായി പാലിയേറ്റീവ് കെയർ വോളണ്ടിയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.